ഉത്തരം

(എ) ഉണ്ട്.
(ബി) നാലെണ്ണം.

ബിരുദധാരികൾക്കു ഒരു ലക്ഷം രൂപ സ്വയം തൊഴിൽ കണ്ടെത്തു

ന്നതിന് നൽകുന്ന വായ്പ

325 [407] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ ബഡ്ജറ്റിൽ ബിരുദധാരികൾക്ക് ഒരു ലക്ഷം രൂപ സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വായ്പ അനുവദിക്കുമെന്ന സർക്കാർ പ്രഖ്യാപനമനുസരിച്ച് ഇതിനകം എത്രപേർക്കു വായ്പ നൽകി ?

ഉത്തരം

ബഡ്ജറ്റിൽ സൂചിപ്പിച്ചിരുന്ന അഭ്യസ്തവിദ്യരുടെ സ്വയം തൊഴിൽ കണ്ടെത്തുന്നുള്ള പദ്ധതി കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. അതിനുള്ള വിശദമായ സ്കീമുകൾ എൻറർ പ്രണോറിയൽ ട്രെയിനിംഗ് നടത്താനുമുള്ള ഒരു പദ്ധതി കെ. എഫ്. സി. സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലിരിക്കുകയാണ്.

പുതുപ്പള്ളി എ. എൽ. ഒ. ഓഫീസിൽ സ്റ്റാഫിനെ നിയമിക്കാൻ

നടപടി

326 [408] ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുപ്പള്ളി എ. എൽ. ഒ. ഓഫീസിൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ എത്രയും വേഗം നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എത്രയും വേഗം സ്റ്റാഫിനെ നിയമിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കൈത്തറി തൊഴിലാളി മിനിമം വേജസ് അഡ്വൈസറി കമ്മറ്റി

റിപ്പോർട്ടിലെ ശുപാർശകൾ

327 [409] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി തൊഴിലാളി മിനിമം വേജസ് അഡ്വൈസറി കമ്മറ്റി റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ശുപാർശകളാണ് ഗവൺമെൻറ് നടപ്പിൽ വരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) കൈത്തറി തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിലേക്കുള്ള കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly